# ബഥനിനാദം

**BAHS@60**
**1957-2017**

ബഥനി ആശ്രമം ഹൈസ്കൂൾ, ചെറുകുളഞ്ഞി
Ph: 04735 - 206505, bethanyasram2009@gmail.com

## സന്ദേശം



**വെരി. റവ. ഫാ. വില്യം നെടുമ്പുറത്ത് OIC**

ശാസ്ത്ര-സാങ്കേതിക വളർച്ചയുടെ ചിറകിലിരുന്ന് മനുഷ്യൻ ഉയരങ്ങളിൽ നിന്ന് ഉയരങ്ങളിലേക്ക് കുതിച്ചു പാഞ്ഞുകൊണ്ടിരിക്കുന്ന ഒരു കാലഘട്ടത്തിലാണ് നാം ജീവിക്കുന്നത്. മനുഷ്യവർഗ്ഗത്തിന്റെ ഈ മുന്നേറ്റത്തിനു വഴിയൊരുക്കുന്നതിൽ വിദ്യാഭ്യാസത്തിനുള്ള പങ്ക് അദ്വിതീയമാണ്. കായ്കനികൾ ഭക്ഷിച്ചും കാട്ടുമൃഗങ്ങളെ വേട്ടയാടിയും ഗുഹകളിൽ അന്തിയുറങ്ങിയും കഴിഞ്ഞിരുന്ന മനുഷ്യന്റെ വളർച്ച വിദ്യാഭ്യാസവുമായി ബന്ധപ്പെട്ടാണിരിക്കുന്നത്.

മാനവസമൂഹത്തിന്റെ മുന്നോട്ടുള്ള പോക്കിൽ തെളിഞ്ഞുകാണുന്ന ഒരു വൈപരീത്യമുണ്ട്. അമ്പരിപ്പിക്കുന്ന പുരോഗതിക്കൊപ്പം സാമൂഹിക തിന്മകൾ പെരുകിവരുന്നു എന്നതാണത്. സ്വാതന്ത്ര്യലബ്ധിക്കു ശേഷം വിദ്യാഭ്യാസ രംഗത്ത് ഏറെ നേട്ടങ്ങളുണ്ടായെന്ന് നാം അഭിമാനിക്കാറുണ്ട്. കലാലയങ്ങൾ, സർവ്വകലാശാലകൾ എന്നിവയുടെയൊക്കെ എണ്ണത്തിൽ വൻ വർദ്ധനവുണ്ടായി എന്നതു വാസ്തവമാണ്. വിദ്യാസമ്പന്നരുടെ എണ്ണവും പെരുകി. എന്നിട്ടും അഴിമതി, അനീതി, അക്രമം സ്വാർത്ഥത തുടങ്ങിയ സാമൂഹിക തിന്മകളൊന്നും കുറയുന്നില്ല. മാത്രമല്ല, ഇവയൊക്കെ നാൾക്കുനാൾ കൂടിവരുന്നതായാണ് കണക്കുകൾ വെളിപ്പെടുത്തുന്നത്. വിപരീതനായ സാക്ഷരൻ രാക്ഷസനാണ് എന്നൊരു ചൊല്ലുണ്ട്. വിപരീതമായ വിദ്യാഭ്യാസം രാക്ഷസന്മാരെ സൃഷ്ടിക്കുമെന്നർത്ഥം. ഇത്തരം രാക്ഷസന്മാരെകൊണ്ട് നിറയുകയാണ് നമ്മുടെ നാട്. ലക്ഷ്യബോധം നഷ്ടപ്പെട്ട് അഭ്യാസം മാത്രമായി വിദ്യാഭ്യാസം മാറിയതിന്റെ ഫലമാണിത്.

ലോകപ്രശസ്ത വിദ്യാഭ്യാസ ചിന്തകരിൽ പ്രമുഖനായിരുന്ന നമ്മുടെ രാഷ്ട്രപിതാവായ ഗാന്ധിജി, അറിവിനോടൊപ്പം സംസ്കാരം പകരുന്നതാവണം വിദ്യാഭ്യാസമെന്നും അതിന്റെ പ്രധാന ലക്ഷ്യം സ്വഭാവരൂപീകരണമെന്നുമാണ് പറഞ്ഞത്. തിന്മകൾ മറഞ്ഞ് മനസ്സിൽ നന്മകൾ നിറയുമ്പോഴാണ് ഒരാൾ വിദ്യാസമ്പന്നനാകുന്നത്. സ്വഭാവഗുണങ്ങൾ കൊണ്ട് അഭ്യസ്തവിദ്യനെ തിരിച്ചറിയാൻ കഴിയണം. അപ്പോഴാണ് വിദ്യാഭ്യാസം ഫലവത്താകുന്നത്. ഇത്തരത്തിലുള്ള വിദ്യാഭ്യാസം നല്കാനാണ് ബഥനി സമൂഹം ശ്രമിക്കുന്നത്. ആറു പതിറ്റാണ്ട് പിന്നിടുന്ന ബഥനി ആശ്രമം ഹൈസ്കൂളിന്റെ വിദ്യാഭ്യാസ സപര്യയ്ക്ക് എല്ലാ ആശംസകളും നേരുന്നു.

**വെരി. റവ. ഫാ. വില്യം നെടുമ്പുറത്ത് OIC**
(പ്രൊവിൻഷ്യൽ സുപ്പീരിയർ & ഡയറക്ടർ, ബഥനി ഗ്രൂപ്പ് ഓഫ് ഇൻസ്റ്റിറ്റ്യൂഷൻസ്)

## ബഥനി ആശ്രമം ഹൈസ്കൂൾ വജ്രജൂബിലി നിറവിൽ



**ജെയിംസ് ജോസഫ് സി.**
സീനിയർ അസിസ്റ്റന്റ്

മലയോരഗ്രാമമായ ചെറുകുളഞ്ഞിയെ അക്ഷരവെളിച്ചത്തിൽ മാത്രമല്ല, സാംസ്കാരികമായും സാമൂഹ്യമായും കൈപിടിച്ചുയർത്തി ബഥനി ആശ്രമം ഹൈസ്കൂൾ, 60 വർഷങ്ങൾ പിന്നിടുന്ന ഈ അവസരത്തിൽ സഹകരിച്ച എല്ലാവരെയും നന്ദിയോടെ സ്മരിക്കുന്നു. അതിന് മകുടം ചാർത്തുമാറ് ബഥനി ആശ്രമവും ബഥനി മഠവും സ്കൂളിന്റെ ഓരത്തു തന്നെ സ്ഥിതി ചെയ്യുന്നു.

1957-ൽ ഐത്തല, കോയിപ്പുറത്ത് യശഃശ്ശരീരനായ സി.റ്റി. തോമസ് വക്കീൽ മാനേജരായി യു.പി. സ്കൂൾ ആരംഭിച്ചു. 1959-ൽ എൽ.പി.യും ആരംഭിച്ച് പൂർണ്ണ യു.പി. സ്കൂൾ ആയി. ആദ്യ അധ്യാപികയായി ബഹു. സി.ജെ. മറിയാമ്മ ടീച്ചർ, ആദ്യകാലം മുതൽ മുതൽ 1984 വരെ ഹെഡ്മാസ്റ്റർ ആയിരുന്ന ബഹു. എം.പി. സരോജിനിയമ്മ ടീച്ചറിന്റെയും നിസ്തുല സേവനങ്ങളെ നന്ദിയോടെ സ്മരിക്കുന്നു.

1976 ൽ ബഥനി സന്യാസ സമൂഹം സ്കൂൾ ഏറ്റെടുത്തു. 1982 ൽ ഹൈസ്കൂൾ ക്ലാസ്സുകൾ ആരംഭിച്ചു. ലോക്കൽ മാനേജർ റവ. ഫാ. മാത്യൂസ് ഒ.ഐ.സി.യുടെ നേതൃത്വം തുടക്കം മുതലെ സ്കൂളിനെ ഉന്നതിയിലേക്ക് ആനയിച്ചു. 1985 മാർച്ചിലെ ആദ്യ എസ്.എസ്.എൽ.സി. ബാച്ച് മുതൽ 2016 ലെ ബാച്ച് വരെയുള്ള 32 വർഷവും പ്രശംസനീയമായ വിജയം കൈവരിച്ചു. അക്കാലങ്ങളിലെ പ്രധാനാധ്യാപകരായ ബഹുമാന്യരായ റവ. ഫാ. അംബ്രോസ് OIC സി. മേരി ലോറൻസ്, ശ്രീമതി മറിയാമ്മ വർഗീസ് എന്നിവരുടെ പ്രയത്നം സ്കൂളിനെ ഇന്നത്തെ ഔന്നത്യത്തിന്റെ പടവുകളിൽ എത്തിച്ചു.

കുട്ടികളുടെ പാഠ്യപാഠ്യേതര കാര്യങ്ങളിൽ ഇന്നും മികച്ച നിലവാരം പുലർത്തുന്നതിന് ബഥനി കുടുംബങ്ങൾക്കൊപ്പം എല്ലാവർക്കും സന്തോഷിക്കാം. സ്കൗട്ട് & ഗൈഡ്, ജൂണിയർ റെഡ് ക്രോസ്, സ്കൂൾ സുരക്ഷാ ക്ലബ്ബ്, എൽ.കെ.ജി., യു.കെ.ജി. ക്ലാസ്സുകൾ, 1 മുതൽ 10 വരെയുള്ള ഇംഗ്ലീഷ് മീഡിയം ക്ലാസ്സുകൾ, സ്പോക്കൺ ഇംഗ്ലീഷ് ക്ലാസ്സ്, സ്കൂൾ സൊസൈറ്റി, ശക്തമായ പി.റ്റി.എ. മുതലായവ എടുത്തു പറയത്തക്ക പ്രത്യേകതയാണ്.

## ആശംസ



**ഫാ. ജോസഫ് വരമ്പുങ്കൽ OIC**

വിദ്യാഭ്യാസം വ്യക്തിയുടെയും സമൂഹത്തിന്റെയും രാജ്യത്തിന്റെയും സ്ഥിരതയ്ക്കും വളർച്ചയ്ക്കും അടിസ്ഥാന ആവശ്യം ആണ്. ജീവിക്കുന്ന വിദ്യയുടെ അഭ്യാസം ആണ് വിദ്യാഭ്യാസം.

വിദ്യാഭ്യാസം എന്നത് ഒരു സത്യാന്വേഷണമാണ്. സത്യം ഈശ്വരനാണ്. ലോകം നിലനിൽക്കുന്നത് ഈശ്വരവഴിയിൽ ആണ്. അതിൽ നിന്നുള്ള വ്യതിയാനമാണ് ഇന്നു നാം കാണുന്ന എല്ലാ തകർച്ചയ്ക്കും കാരണം. ഈ ദുഃസ്ഥിതിക്ക് പരിഹാരമാണ് മൂല്യാധിഷ്ഠിതമായ വിദ്യാഭ്യാസം. പ്രകൃതിയോട് ചേർന്ന് നിന്ന് സ്വന്തമാക്കാൻ കഴിയുന്ന അക്ഷരഖനി ശേഖരിക്കുന്നതിന് ഒരോ വ്യക്തികളെയും സജ്ജമാക്കുന്നത് വിദ്യാലയമാണ്.

ശാസ്ത്രം അനുദിനമെന്നോണം പുതിയ കണ്ടുപിടുത്തങ്ങൾ നടത്തിക്കൊണ്ടിരിക്കുന്നു. എന്നാൽ മനുഷ്യനന്മയ്ക്ക് അവയെ എങ്ങനെ ഉപയുക്തമാക്കാമെന്ന് ശാസ്ത്രം പറയുന്നില്ല. ഈ തത്വം പറഞ്ഞുതരുന്നത്, ജീവിതദർശനത്തിൽ നിന്ന് ഉരിത്തിരിയുന്ന മൂല്യങ്ങളാണ്. മൂല്യശോഷണം സംഭവിച്ചുകൊണ്ടിരിക്കുന്ന ഇന്നത്തെ ലോകത്തിൽ മൂല്യങ്ങളുടെ പ്രസക്തി എടുത്തുകാണിക്കുന്ന പുത്തൻ തലമുറയെ വാർത്തെടുക്കുക എന്ന ലക്ഷ്യത്തോടുകൂടി വളർന്നു വന്ന ബഥനി ഹൈസ്കൂൾ ഇന്ന് ഷഷ്ടിപൂർത്തി നിറവിൽ, ഓരോ വ്യക്തിയോടും നിശബ്ദതയിൽ പങ്കു വയ്ക്കുന്നത് ഒന്ന് മാത്രമാണ്. "മൂല്യങ്ങളാണ് മനുഷ്യജീവിതത്തിൽ ദീപസ്തംഭങ്ങളായി നിലകൊള്ളേണ്ടത്." മൂല്യങ്ങളുടെ അർത്ഥവും പ്രസക്തിയും മനോഹരമായി വരച്ചു കാണിക്കുന്ന അദ്ധ്യാപകർ എന്നും ഈ വിദ്യാലയത്തിന് വഴികാട്ടികളായി നിലകൊള്ളണം. ഈ വിദ്യാലയം ഇനിയും ഒരുപാടുനാൾ ആയിരങ്ങൾക്ക് അക്ഷരദീപം തെളിയിച്ച് പ്രശോഭിക്കട്ടെ എന്ന് നമുക്ക് ആഗ്രഹിക്കാം. പ്രാർത്ഥിക്കാം.

**ഫാ. ജോസഫ് വരമ്പുങ്കൽ OIC** (മാനേജർ)

## ആശംസ



**സി. നോയൽ മേരി ജേക്കബ്**

ചെറുകുളഞ്ഞി ബഥനി ആശ്രമം ഹൈസ്കൂൾ അറുപതിന്റെ നിറവിൽ. ഈ നാടിനും സമൂഹത്തിനും ഈ സ്കൂൾ നല്കിയ സംഭാവന അവർണ്ണനീയമാണ്. ഈ വജ്രജൂബിലി ആഘോഷത്തിന്റെ ഭാഗമായി വിദ്യാർത്ഥികളും, അധ്യാപകരും ചേർന്ന് ഒരുക്കുന്ന ബഥനി നാദത്തിന് എല്ലാവിധ ആശംസകളും നേരുന്നു.

ആദിപ്രരൂപത്തിന്റെ ചൈതന്യഭാവങ്ങളിൽ "നാദം" എന്നും ജീവസ്സുറ്റ പ്രതീകമാണ്. ഉണ്ടാകട്ടെ എന്ന ആദിശബ്ദത്തിൽ നിന്നാരംഭിച്ച് വചനം മാംസമാകുന്ന വെളിപാടനുഭവങ്ങൾ ക്രൈസ്തവ രക്ഷാചരിത്രമായും, ഓംകാരപ്രണവമന്ത്രം ഹൈന്ദവനിമന്ത്രണമായും നബിവചനങ്ങൾ ജീവന്റെ തുടിപ്പായും നിലനിൽക്കുന്ന ആർഷഭാരതമണ്ണിൽ നാദത്തിന് അത്യപൂർവ്വ സ്ഥാനമാണുള്ളത്.

ബുദ്ധിയും യുക്തിയും പ്രയോഗികമാകുന്ന മനുഷ്യവംശത്തിന് ആശയവിനിമയതലങ്ങളുടെ വികാസത്തിൽ ശബ്ദം അനുപേക്ഷണീയ ഘടകമാണല്ലോ. സർഗ്ഗചേതനയെ ക്രിയാത്മകമായി പുനരവതിപ്പിക്കുന്ന സമസ്ത മേഖലകളിലും നാദതരംഗങ്ങൾ ഉപോൽഘടകങ്ങളാണ്. അക്ഷരക്കൂട്ടുകളും, വർണ്ണമേളങ്ങളും കൊണ്ട് വിസ്മയമാകുന്ന ഈ ബഥനിനാദം കാലങ്ങളിലേക്ക് പ്രകമ്പനങ്ങൾ നിറയ്ക്കുന്ന സാക്ഷി ചരിത്രമാകട്ടെ. സ്വരസ്ഥാനങ്ങളുടെ പ്രകമ്പനങ്ങളാകുവാൻ താളവൈവിധ്യങ്ങൾക്ക് മേള കൊഴുപ്പേകുവാൻ ഉയിരും ഊർജ്ജവും വ്യയം ചെയ്ത ഏവർക്കും പ്രാർത്ഥനാനിർഭരമായ ആശംസകളും അഭിനന്ദനങ്ങളും.

**സി. നോയൽ മേരി ജേക്കബ്** (ഹെഡ്മിസ്ട്രസ്)

# ഉത്സവമായി പുതുവർഷം



ചെറുകുളത്തിദേശത്ത് കഴിഞ്ഞ ആറ് ദശാബ്ദക്കാലമായി പ്രശോഭിക്കുന്ന ബഥനി ആശ്രമം ഹൈസ്കൂളിലെ 2016-17 അധ്യയന വർഷത്തെ പ്രവേശനോത്സവം 2016 ജൂൺ 1-ാം തീയതി നടന്നു. പ്രവേശനോത്സവഗാനത്തിന്റെ അകമ്പടിയോടെ വർണ്ണ ബലൂണുകൾ കൊണ്ടും തോരണങ്ങൾ കൊണ്ടും പൂക്കൾകൊണ്ടും അലങ്കരിച്ച വേദിയിൽ നവാഗതരെ ആനയിച്ചിരുത്തി അക്ഷരങ്ങളുടെ ലോകത്തേക്ക് ആദ്യമായി എത്തിയ കുരുന്നകൾക്ക് പ്രോത്സാഹനം നൽകികൊണ്ട് വിദ്യാർത്ഥികൾ കലാപരിപാടികൾ അവതരിപ്പിക്കുകയും സ്കൂൾ ലോക്കൽ മാനേജർ റവ. ഫാ. ജോസഫ് വരമ്പുങ്കൽ ഒ.ഐ.സി., ഹെഡ്മിസ്ട്രസ് സി. നോയൽ മേരി ജേക്കബ്, പി.റ്റി.എ. പ്രസിഡന്റ് അശോകൻ കാര്യാട്ട്, സീനിയർ അസിസ്റ്റന്റ് ജെയിംസ് ജോസഫ് എന്നിവർ ആശംസകൾ അർപ്പിക്കുകയും ചെയ്തു. കഴിഞ്ഞ അധ്യയന വർഷം എസ്.എസ്.എൽ.സി. പരീക്ഷയിൽ ഉന്നത വിജയം നേടിയ വിദ്യാർത്ഥികളെ തദവസരത്തിൽ അനുമോദിച്ചു. രക്ഷിതാക്കളുടെ വർദ്ധിച്ച പങ്കാളിത്തവും മികച്ച സംഘാടനവും ഈ വർഷത്തെ പ്രവേശനോത്സവത്തെ മികവുറ്റതാക്കി.

## നൂറിൽ നൂറ്



മുൻവർഷങ്ങളിലെപ്പോലെ തന്നെ 2015 -2016 ലും എസ്.എസ്.എൽ.സി. പരീക്ഷയിൽ 100% വിജയം കൈവരിച്ച് ബഥനി ആശ്രമം ഹൈസ്കൂളിലെ വിദ്യാർത്ഥികൾ വിദ്യാലയത്തിന്റെ യശ്ശസ്സുയർത്തി.

മാസ്റ്റർ നന്ദു എൻ. സജീവ് എല്ലാ വിഷയങ്ങൾക്കും എ പ്ലസ് നേടി. ഈ വിദ്യാർത്ഥിക്ക് കോട്ടയം ഗിരിദീപം എച്ച്.എസ്.എസ്. ൽ തുടർ പഠനത്തിന് മാനേജ്മെന്റ് അവസരമൊരുക്കി.

2016-17 അധ്യയന വർഷവും ഉന്നതവിജയം കൈവരിച്ച് ബഥനിയുടെ ചിറകിലേക്ക് ഒരു പൊൻതൂവൽ കൂടി സമ്മാനിക്കുന്നതിനുള്ള കഠിനപ്രയത്നത്തിലാണ് അധ്യാപകരും വിദ്യാർത്ഥികളും.

## ഹലോ ഇംഗ്ലീഷ്

പൊതുവിദ്യാഭ്യാസമേഖല വെല്ലുവിളി നേരിടുന്ന ഈ കാലഘട്ടത്തിൽ മാതൃഭാഷയെപ്പോലെ തന്നെ ആംഗലേയ ഭാഷയും തങ്ങൾക്കു അനായാസമായി വഴങ്ങുന്നതാണെന്ന് കാണിച്ചു തരികയാണ് ബഥനി ആശ്രമം സ്കൂളിലെ വിദ്യാർത്ഥികൾ. ഇതിന് പ്രാപ്തരാക്കുന്നതിനു വേണ്ടി ഒന്നാം ടേം മുതൽ പ്രൈമറി ക്ലാസ്സിലെ കുട്ടികൾക്ക് പ്രഗത്ഭരായ അധ്യാപകരുടെ നേതൃത്വത്തിൽ സ്പോക്കൺ ഇംഗ്ലീഷ് പരിശീലനം നടത്തുന്നു. അടുത്ത അധ്യയന വർഷത്തിൽ സ്കൂളിലെ മുഴുവൻ കുട്ടികളെയും ഈ പരിശീലനത്തിൽ ഉൾപ്പെടുത്താനാണ് മാനേജ്മെന്റ് തീരുമാനിച്ചിരിക്കുന്നത്.

## മിഴിനീർത്തുള്ളികൾ

നിള എസ്. VII A



കാറ്റുമെല്ലെ വീശിടുന്നു
മേഘങ്ങൾ വർണ്ണം പകർന്നീടുന്നു.
പേടിയുടെ കൈയ്യിൽ കൊണ്ടീ
കൊച്ചുമൺകൂരയ്ക്കുള്ളിൽ
ഞാൻ ഏകയായി
പേമാരിയാർത്തു തുടങ്ങുന്നു
ഇടിയും മിന്നലും വന്നിടുന്നു
എന്നിട്ടുമെന്തെൻ മക്കൾ
വരാത്തത്
ഞാനേകയായി ഈ കൂട്ടിൽ
ഇരുന്നിട്ട് നേരം കുറച്ചൊന്നുമല്ലയായീ
ദൂരെയാ പുൽത്തടത്തിനടുത്തായി നിങ്ങളാരെങ്കിലും
നിൽപ്പതുണ്ടോ
ദയനീയമാവുന്ന ഈ മിഴി നനവുകൾ
നിങ്ങളാരെങ്കിലും കാൺമതുണ്ടോ
മഴയെ നീ പേമാരിയായി പെയ്യുമ്പോൾ
എൻ ആശങ്കകൾ കൂടിടുന്നു
എന്റെ സ്വസ്ഥത നശിച്ചിടുന്നു
വേഗം വരൂ, എൻ പൈതങ്ങളെ
മഴയുടെ കണ്ണിൽ പെടാതെ നിങ്ങൾ

## നാടിനൊപ്പം നാട്ടുകാർക്കൊപ്പം





സ്കൂളിലെ ഈ വർഷത്തെ ക്രിസ്തുമസ് ആഘോഷം ഏവർക്കും വേറിട്ട ഒരനുഭവമായി. വിദ്യാലയ ചുവരുകൾക്കപ്പുറത്തേക്ക് ജാതി, മത, വർഗ്ഗ, വർണ്ണഭേദമെന്യ നാടിന്റെ നാനാഭാഗങ്ങളിലാണ് ബഥനിയുടെ കുഞ്ഞു നക്ഷത്രങ്ങൾ കലാവിരുന്നൊരുക്കിയത്. ജണ്ടായ്ക്കൽ, മങ്കുഴിമുക്ക്, ബംഗ്ലാവുകടവ്, മോതിരവയൽ, അലിമുക്ക്, എന്നിവിടങ്ങളായി നടത്തിയ ആഘോഷങ്ങൾക്ക് ശ്രീ. രാജു എബ്രഹാം എം.എൽ.എ., ശ്രീ. മണിയാർ രാധാകൃഷ്ണൻ (വടശ്ശേരിക്കര ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് അശോകൻ കാര്യാട്ട്, വാർഡു മെമ്പർമാരായ ശ്രീ. ബോബി, ശ്രീ. ബെനറ്റ്, ലോക്കൽ മാനേജർ റവ. ഫാ. ജോസഫ് വരമ്പുങ്കൽ, ഹെഡ്മിസ്ട്രസ് സി. നോയൽ മേരി ജേക്കബ്, അധ്യാപകരായ ജെയിംസ് ജോസഫ് സി., ശ്രീമതി. കലാ വി പണിക്കർ എന്നിവർ ആശംസയർപ്പിച്ചു. നാടിനൊപ്പം നടത്തിയ ഈ ആഘോഷം നാട്ടുകാർ ഏറ്റെടുത്തപ്പോൾ അത് ബഥനി സ്കൂളിന്റെ ചരിത്രത്തിൽ ഒരു പൊൻതൂവലായി





## ഒരുമയുടെ ഓണം

കേരളത്തനിമയെ വരച്ചു കാട്ടുന്ന ഉത്സവമായ ഓണം ബഥനി ആശ്രമം, ഹൈസ്കൂളിലും അതിവിപുലമായി നടത്തപ്പെട്ടു. വ്യത്യസ്തങ്ങളായ അത്തപ്പൂക്കളങ്ങളും ഓണപ്പാട്ടുകളും ആർപ്പുവിളികളും കൊണ്ട് അക്ഷരമുറ്റം ഉത്സവത്തിമിർപ്പിലായി. വിദ്യാർത്ഥികൾ മാവേലിയുടെ വേഷമണിഞ്ഞെത്തിയതും വിദ്യാർത്ഥികൾക്കായി കായിക മത്സരങ്ങൾ ഒരുക്കിയതും ആഘോഷത്തിന് മാറ്റു കൂട്ടി.

പി.റ്റി.എ.യുടെ നേതൃത്വത്തിൽ നടന്ന പായസവിതരണം ആഘോഷങ്ങൾക്ക് മധുരം പകരുന്നതായിരുന്നു.

## ഭാഷാപോഷിണിയായ് വിദ്യാരംഗം കലാസാഹിത്യവേദി

മലയാള സാഹിത്യത്തെ പരിപോഷിപ്പിക്കുക എന്ന ലക്ഷ്യത്തോടെ വിദ്യാരംഗം കലാസാഹിത്യവേദി മികച്ച പ്രവർത്തനങ്ങൾ കാഴ്ചവച്ചു. വിദ്യാർത്ഥികളുടെ സാഹിത്യപരമായ നൈപുണികളെ വളർത്തുന്നതിനുള്ള ശില്പശാലകലിൽ പങ്കാളിയായതുവഴി കലോത്സവവേദികളിൽ മികച്ച പ്രകടനങ്ങൾ കാഴ്ചവയ്ക്കുവാൻ വിദ്യാർത്ഥികൾക്കു സാധിച്ചു. കുട്ടികളുടെ കലാസാഹിത്യമികവുകൾ പൊതുസമൂഹത്തിലേക്ക് എത്തിക്കുന്നതിനുവേണ്ടി "അറിവിന് അറുപത്" എന്ന കൈയ്യെഴുത്തു മാസികയുടെ പണിപ്പുരയിലാണ് വിദ്യാരംഗം കലാസാഹിത്യവേദിയിലെ കുട്ടികളും അധ്യാപകരും

## ജൂണിയർ റെഡ്ക്രോസ്




ഇന്ത്യൻ റെഡ്ക്രോസ് സൊസൈറ്റിയുടെ ജീവകാരുണ്യ പ്രവർത്തനങ്ങളിൽ പങ്കാളികളാകുക എന്ന ലക്ഷ്യത്തോടെ ഒരു ജെ.ആർ.സി. യൂണിറ്റ് നമ്മുടെ സ്കൂളിൽ പ്രവർത്തിക്കുന്നു. വ്യക്തിത്വ വികസന ക്യാമ്പുകൾ, ക്വിസ് പ്രോഗ്രാമുകൾ മുതലായവ നടത്തിവരുന്നു. പ്രഥമ ശുശ്രൂഷാ പരിശീലനം, റെഡ്ക്രോസ് സൊസൈറ്റി നടത്തിയ ജീൻ ഹെൻട്രി ഡ്യൂനൻഡ് ക്യാമ്പിൽ 9 എയിലെ സോണാ കെ.ബി. സംസ്ഥാനതലത്തിൽ മത്സരിച്ചു. അഞ്ചാം സ്ഥാനം കരസ്ഥമാക്കി.

# സുരക്ഷിതയാത്ര

കുട്ടികളുടെ യാത്രാസൗകര്യം പരിഗണിച്ച് 2 സ്കൂൾ ബസുകൾ സർവ്വീസ് നടത്തുന്നു. ഇതിൽ ഒരെണ്ണം അധ്യാപകർ വാങ്ങിയതും രണ്ടാമത്തേത് ബഹു. രാജു എബ്രഹാം എം.എൽ.എ. അനുവദിച്ചതുമാണ്. ഏകദേശം 250 കുട്ടികൾ സ്കൂൾ ബസ് സൗകര്യം പ്രയോജനപ്പെടുത്തുന്നു.




PROPOSED SCHOOL BUILDING




# അറിവിൽ നിറയാൻ

പഠനമികവിനൊടൊപ്പം ആനുകാലിക സംഭവങ്ങളെക്കുറിച്ചുള്ള അറിവിനെയും മുൻനിർത്തിയാണ് ബഥനി ആശ്രമം ഹൈസ്കൂളിൽ വിവിധ ക്വിസ് മത്സരങ്ങൾ നടത്തിയത്.

വായനാദിനം, പരിസ്ഥിതി ദിനം ചാന്ദ്രദിനം, സ്വാതന്ത്ര്യദിനം, ക്വിറ്റ് ഇന്ത്യാ ദിനം, തുടങ്ങിയ ദിനാചരണങ്ങൾ കുട്ടികൾക്ക് വേറിട്ട അറിവു സമ്പാദനത്തിനുള്ള വഴിയൊരുക്കി.

പാഠപുസ്തകാനുബന്ധിയായ കാര്യങ്ങൾക്കു പുറമെ നല്ല വായനാശീലം ഉണ്ടാക്കുക എന്ന ലക്ഷ്യവും നിറവേറ്റാൻ ഈ ദിനാചരണങ്ങൾ കുട്ടികളെ സഹായിച്ചു.

ചാന്ദ്രദിനത്തോടനുബന്ധിച്ച് നീൽ ആസ്ട്രോങ്ങ്, കൽപ്പന ചൗള, ഡോ. എ.പി.ജെ. അബ്ദുൾ കലാം, മുതലായ പ്രശസ്ത ശാസ്ത്രജ്ഞന്മാരുടെ ജീവചരിത്രം ഉൾപ്പെടുത്തികൊണ്ട് പ്രദർശനവും ക്വിസ് മത്സരവും നടത്തി. ഹൈസ്കൂൾ വിഭാഗത്തിലെ കുട്ടികൾ നടത്തിയ ചിത്രപ്രദർശനം കുട്ടികൾക്ക് വളരെ വിജ്ഞാനപ്രദമായിരുന്നു.

ഗണിതത്തിൽ കുട്ടികളുടെ താല്പര്യം വർദ്ധിപ്പിക്കുന്നതിനായി സംഘടിപ്പിക്കപ്പെട്ട 'ഗണിതോത്സവ'ത്തിൽ ചാർട്ടുകൾ, മോഡലുകൾ, പസിലുകൾ, ഗണിതകേളികൾ തുടങ്ങിയ അവതരിപ്പിക്കപ്പെട്ടു.









# My Dream



Sona Achu Saji
Std. IX A

I have a dream, its about the past,
where anger and hurt, no longer last,
I have a dream, where there is no hate
But for that day, I can no longer wait
I have a dream, its about today
It's about the things, we do and we say
I have a dream, It's about What's in our mind,
where we consciously try, to be thoughtful and kind
I have a dream, it's about tomorrow
filled with happiness, where there is no sorrow,
I have a dream, it's do with peace
Where love and joy will never cease
I have a dream, the things that I dream
Are about reality and not just a dream
I pray to "GOD", that my dream may come true
I pray this for everyone, but especially for you.
while all the world were chiding
Cheered me as a lovely beam
A lonely spirit guiding
Hold fast do dreams
For if dreams die
Life is a broken wing
that cannot fly
Hold fast to dreams
for when dreams die,
Life is a harren field
Frozen with snow

# മംഗളഗാനം

**ബഥനി ആശ്രമം ഹൈസ്കൂൾ സേവനം ചെയ്ത ശേഷം വിരമിക്കുന്ന ശ്രീ ജെയിംസ് ജോസഫ് സാറിന് മംഗളം നേർന്നുകൊണ്ട് ശ്രീ. ജോസഫ് സേവ്യർ എഴുതിയത്**

വന്ദനം ഗുരുനാഥാ, വന്ദനം ജെയിംസാറേ...
ഇന്നിതാ സ്മരിക്കുന്നു നിന്നുടെ കൃപകളെ
മംഗളം, മംഗളം, മംഗളം, ഗുരുനാഥ...
ഉന്നതവദവിതന്നാശംസകൾ...
അറിവുണ്ട്, നെറിവുണ്ട്, അധരത്തിൽ ചിരിയുണ്ട്
അതിനെല്ലാമുപരി വിനയമുണ്ട്.
സത്യവും നീതിയും സ്നേഹവും ത്യാഗവു-
വുമത്സാഹമെല്ലാമേറെയുണ്ട്
അവധിയെയാഘോഷമാക്കാതെയവിടുത്തെ-
വചനങ്ങൾ പകരുവാൻ നേരമുണ്ട്
അനുഗ്രഹം ചൊരിയുന്നയവിടുത്തെത്തിരുമുമ്പിൽ
അനുദിനം കുനിയുവാൻ മനസ്സുമുണ്ട്.
മംഗളം ഗുരുനാഥാ... വന്ദനം ഗുരുനാഥാ
ഉന്നതപദവിതന്നാശംസകൾ
വന്ദനം വന്ദനം വന്ദനം ഗുരുനാഥാ...
ഉന്നത പദവിതന്നാശംസകൾ
ദൈവത്തിനുന്നതസ്ഥാനം കൊടുക്കോർക്കു
ദൈവം കൊടുക്കുന്നു മത്രസ്ഥാനം
ഇന്നിന്റെ പുണ്യദിനങ്ങൾ നാളെയുമെന്നേയ്ക്കും
നിന്നു വിളങ്ങട്ടെ നിത്യകാലം





ജില്ലാ തലത്തിൽ സെക്കന്റ് എ ഗ്രേഡ് നേടിയ ചവിട്ടുനാടക ടീം

**33 വർഷത്തെ സേവനത്തിനുശേഷം സർവ്വീസിൽ നിന്നും വിരമിക്കുന്ന**



**ശ്രീ. ജെയിംസ് ജോസഫ് സാറിന്**

**ആദരപൂർവ്വം നന്ദി, ആശംസകൾ**


## എഡിറ്റോറിയൽ ബോർഡ്

റവ. ഫാ. ജോസഫ് വരമ്പുങ്കൽ OIC
ശ്രീമതി ഡോളി തോമസ്
സി. സുനി റ്റി. ജോസ്
ശ്രീമതി ജിജി വർഗീസ്
ശ്രീമതി സിതാര ബേബി




ജില്ലാ തലത്തിൽ സെക്കന്റ് എ ഗ്രേഡ് നേടിയ ഗാനമേള ടീം

# STARS OF BETHANY



**സോണാ കെ. ബി.**
ജൂണിയർ
റെഡ്ക്രോസ് സംസ്ഥാനതലം 5 – ാം സ്ഥാനം



**ദേവിക എസ്. നായർ**
ഹിന്ദി പദ്യം ചൊല്ലൽ എ ഗ്രേഡ് (ജില്ല)
ഡി.സി.എൽ. പ്രവിശ്യാതലം പ്രസംഗം
മൂന്നാം സ്ഥാനം



**അജയ് എസ്. നായർ**
ജില്ലാ ബാസ്കറ്റ് ബോൾ ടീമിൽ
സെലക്ഷൻ നേടി



സബ് ജില്ലാ കലോത്സവ മത്സര വിജയികൾ ഹെഡ്മിസ്ട്രസിനോടും അധ്യാപകരോടുമൊപ്പം



**പി. എസ്. ഗാഥ**
പ്രസംഗ മത്സരം എ ഗ്രേഡ് (ജില്ല)
സംസ്ഥാനതല കോ – ഓപ്പറേറ്റീവ് സൊസൈറ്റി
പ്രസംഗമത്സരത്തിൽ പങ്കെടുത്തു



**ജിറ്റി ജേക്കബ്**
സാമൂഹിക ശാസ്ത്ര വിഭാഗം ജില്ലാതലം
പ്രസംഗമത്സരം വിജയി, ഗാന്ധി ജയന്തി വാരാ
ഘോഷം ഉപന്യാസം ജില്ലയിൽ ഫസ്റ്റ്



**കെസിയാ മോൾ വർക്കി**
ഡി. എസ്. എൽ. പ്രവശ്യാതലം
കഥാരചന രണ്ടാം സ്ഥാനം



**കാവ്യാ മനു**
ഡി. എസ്. എൽ. പ്രവശ്യാതലം
കഥാരചന രണ്ടാം സ്ഥാനം



**നിള എസ്.**
ഡി. സി. എൽ. പ്രവശ്യാതലം
കവിതാരചന ഒന്നാം സ്ഥാനം.
ജില്ലാതല കഥാ രചന എ ഗ്രേഡ്



**ജോവിറ്റാ ജീസൺ**
100 മീറ്റർ ഓട്ടം
സംസ്ഥാന തലത്തിലേക്ക്
തെരഞ്ഞെടുക്കപ്പെട്ടു



**അക്ഷരാ ജിനോജ്**
സബ്ജില്ലാ കഥാകഥനം, നാടോടിനൃത്തം
ഗ്രൂപ്പ് ഡാൻസ്
എ ഗ്രേഡ്



സബ് ജില്ലാ സ്പോർട്ടസ് മത്സര വിജയികൾ ഹെഡ്മിസ്ട്രസിനോടും അധ്യാപകരോടുമൊപ്പം
(എൽ.പി. വിഭാഗം ഓവറോൾ ചാമ്പ്യൻ)




## ബഥനി ആശ്രമം കൾച്ചറൽ അക്കാഡമിയുടെ

## നാടകം

# സ്വർഗ്ഗ ദീപാവലി

2017 April 21 - 6.45 p.m.
Venue: Bethany Ashram High School, Cherukulanji




# BETHANY ASHRAM HIGH SCHOOL, CHERUKULANJI

**BETHANY BOYS HOME**

Owned and Managed by Bethany Ashram

English & Malayalam Medium